# ഫ്രീഡം ഫെസ്റ്റ് – വിക്കിസംഗമോത്സവം

2023 ഓഗസ്റ്റ് 13 || ടാഗോർ തീയറ്റർ, തിരുവനന്തപുരം




ഫ്രീഡംഫെസ്റ്റിന്റെ ഭാഗമായി ഓഗസ്റ്റ് 13ന് രാവിലെ 10:00 മണി മുതൽ തുടങ്ങുന്ന വിക്കിക്കൂട്ടായ്മയുടെ വിവിധ പരിപാടികൾ ടാഗോർ തിയേറ്റർ മൂന്നാം വെന്യൂ ആയ ഓപ്പൺ അറീനയിൽ നടക്കും. കാര്യപരിപടികളിൽ പൊതുജനങ്ങൾക്കായി വിക്കിമീഡിയയുടെ ആമുഖം, വിവിധ വിക്കി സംരഭങ്ങളെക്കുറിച്ചുള്ള അവതരണങ്ങൾ, വിക്കിമീഡിയ പ്രസ്ഥാനത്തെയും ഭാവിയെയും കുറിച്ചുള്ള ചർച്ചകൾ, സ്കൂൾ വിക്കി പദ്ധതി എന്നിവയുൾപ്പെടുന്നു.

ഈ സംഗമത്തിനു മുന്നോടിയായി മലയാളം വിക്കിപീഡിയയിൽ ഒരു മാസത്തെ "സ്വാതന്ത്ര്യോത്സവ തിരുത്തൽ യജ്ഞം" വിക്കിപീഡിയയിൽ ഓൺലൈനായി സംഘടിപ്പിച്ചിരുന്നു. ഇതുനോടനുബന്ധിച്ച് 25–ലേറെ പുതിയ ലേഖനങ്ങളാണ് മലയാളം വിക്കിപീഡിയയിൽ ചേർക്കപ്പെട്ടത്. കോവിഡ് ഇടവേളയ്ക്കു ശേഷം മലയാളം വിക്കിപ്രവർത്തകരുടെ ഏറ്റവും വലിയ ഒത്തുചേരലാണിത്.

വിക്കി സംഗമത്തിന്റെ ഭാഗമായി മലയാളം വിക്കി പ്രവർത്തകർ തിരുവനന്തപുരം നഗരത്തിൽ ഒരു ഫോട്ടോവാക്കും സംഘടിപ്പിച്ചിട്ടുണ്ട്. ചിത്രങ്ങൾ വിക്കിമീഡിയ കോമൺസിലേക്ക് ചേർക്കപ്പെടും.